"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/111/2023-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-11-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ രണ്ടാം ഘട്ട ജനകീയ ഹരിത ഓഡിറ്റിംഗ് – സംബന്ധിച്ച്.

സൂചന:- (1) 26-05-2023 ലെ സ.ഉ.(സാധാ) നം.1109/2023/LSGD നമ്പർ സർക്കാർ ഉത്തരവ്
(2) 10.07.2023 ലെ സ.ഉ.(സാധാ) നം1401/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
(3) 07-10-2023 ലെ സ.ഉ.(സാധാ) നം.1971/2023/LSGD നമ്പർ സർക്കാർ ഉത്തരവ്

**********************

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഒന്നാം ഘട്ട ജനകീയ ഹരിത ഓഡിറ്റ് സൂചന 1 ലെ ഉത്തരവ് പ്രകാരം നടത്തിയിരുന്നു. ഇതിലൂടെ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി സൂചന 2 പ്രകാരം പരിഷ്കരിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ നിർവഹണം കൂടെ ഉൾക്കൊള്ളുന്നതാണ് രണ്ടാം ഘട്ട ക്യാമ്പയിൻ. പ്രോജക്ടുകളുടെ പുരോഗതി ഉറപ്പാക്കൽ, രണ്ടാം ഘട്ട ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ പുരോഗതി, നേട്ടങ്ങൾ, നേരിട്ട വെല്ലുവിളികൾ എന്നിവ സംബന്ധിച്ച സാമൂഹിക വിലയിരുത്തലിനായി രണ്ടാം ഘട്ട ഹരിത ഓഡിറ്റ് നടത്താൻ സൂചന 3 പ്രകാരം തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി ആദ്യ ഘട്ട ജനകീയ ഓഡിറ്റിൽ പങ്കെടുത്ത പ്രവർത്തകരുടെ ടീമിന്റെ സേവനം തുടർന്നും പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ സാമൂഹിക വിലയിരുത്തലിനായി നവംബർ 15 – 30 വരെയുള്ള ദിവസങ്ങളിൽ എല്ലാ വാർഡുകളിലും ഗ്രാമസഭ/വാർഡ് കൺവെൻഷൻ എന്നിവ ചേരേണ്ടതാണെന്ന് സൂചന (2), (3) പ്രകാരം നിർദ്ദേശിച്ചിരുന്നു. രണ്ടാം ഘട്ട ഹരിത ഓഡിറ്റിന്റെ മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

**1 ജനകീയ ഹരിത ഓഡിറ്റ് ലക്ഷ്യങ്ങൾ**

- മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ട സോഷ്യൽ ഓഡിറ്റിന്റെ തുടർച്ചയായി പദ്ധതി പരിഷ്കരണത്തിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ നിർവഹണ പുരോഗതി അവലോകനം

- വാർഡിലെ എല്ലാ വീട്സ്ഥാപനങ്ങളിലും 100% ഉറവിടത്തിൽ തരംതിരിക്കൽ, 100% ജൈവ മാലിന്യ സംസ്കരണം, അജൈവ മാലിന്യങ്ങളുടെ 100% വാതിൽപ്പടി ശേഖരണം, 100% യൂസർ ഫീ കളക്ഷൻ എന്നിവയുടെ പുരോഗതി വിലയിരുത്തൽ.

- വാർഡിലെ മാലിന്യ കൂനകൾ നീക്കം ചെയ്ത് പൊതു സ്ഥലങ്ങൾ വലിച്ചെറിയൽ മുക്തമാക്കുക, വാർഡിലെ ജല സ്രോതസ്സുകളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുക, എന്നിവയുടെ പുരോഗതി ഉറപ്പാക്കുക.

- വാർഡിലെ പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ - അജൈവ മാലിന്യ ശേഖരണ സംവിധാനങ്ങൾ, ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ശാസ്ത്രീയമായും കൃത്യമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

- വാർഡിലെ എല്ലാ സ്ഥാപനങ്ങളും, ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സും ഖര മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

- മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ പുരോഗതി, നേട്ടങ്ങൾ, നേരിട്ട വെല്ലുവിളികൾ, എന്നിവ സാമൂഹ്യ വിശകലനത്തിന് വിധേയമാക്കുക.

- ഇതിലൂടെ തുടർന്നുള്ള ക്യാമ്പയിനിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി ക്യാമ്പയിന്റെ ഗുണപരത ഉറപ്പാക്കുക.

**2 ജനകീയ ഓഡിറ്റ് സൂചകങ്ങൾ**

ജനകീയ ഓഡിറ്റിനു പൊതുവിൽ താഴെ പറയുന്ന സൂചകങ്ങൾ അവലംബിക്കാം

1. വാർഡിലെ ആകെ എത്ര ഇടങ്ങളിൽ വീടുകളിലും, സ്ഥാപനങ്ങളിലും, ഉറവിടമാലിന്യ സംസ്കരണം ഉറപ്പാക്കി. ഇതിനായി സ്വീകരിച്ച നടപടികൾ.

2. കമ്മ്യൂണിറ്റി കംപോസ്റ്റിംഗ് സംവിധാനം ആവശ്യമായ ഇടങ്ങളിൽ സ്ഥാപിക്കുന്നതിനും, അവ ശാസ്ത്രീയമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ

3. വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് 100% തരംതിരിച്ചുള്ള അജൈവമാലിന്യ ശേഖരണം എത്രത്തോളം നടക്കുന്നു, ഇത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ.

4. മിനി MCF, MCF, RRF എന്നിവ ആനുപാതികമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, അവയുടെ ശാസ്ത്രീയമായ പ്രവർത്തനത്തിനും വേണ്ടി സ്വീകരിച്ച നടപടികൾ.

5. മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്ത് പൊതുസ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

6. ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും അവയുടെ ശുചീകരണത്തിനും സ്വീകരിച്ച നടപടികൾ

7. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് എതിരെ സ്വീകരിച്ച

നടപടികൾ

8. മാലിന്യപരിപാലനം സംബന്ധിച്ച ജനകീയ വിദ്യാഭ്യാസത്തിനു സ്വീകരിച്ച നടപടികൾ

*മേൽ സൂചിപ്പിച്ച ഓരോ കാര്യത്തിനും 2023 ജൂൺ 5 ലെ സ്ഥിതിയും, നവംബർ 15 നുള്ള സ്ഥിതിയും, ഉണ്ടായ മാറ്റവും, നിലവിലെ വിടവും സൂചിപ്പിക്കുന്ന തരത്തിലായിരിക്കണം വിലയിരുത്തൽ റിപ്പോർട്ട്. റിപ്പോർട്ടിൽ ഓരോ സൂചകങ്ങളുടെയും ഗുണപരമായ വിവരവും പ്രവർത്തനത്തിലെ ഗുണനിലവാരവും ഉൾപ്പെടുത്തണം. (സോഷ്യൽ ഓഡിറ്റിന്റെ ഉള്ളടക്കം, ഓരോ വിഷയുമായി ബന്ധപ്പെട്ട സൂക്ഷ്മ വിവരങ്ങൾ, ജനകീയ ഓഡിറ്റ് റിപ്പോർട്ട് ഘടന (ഐറ്റം 6) എന്ന ഭാഗത്ത് നൽകിയിരിക്കുന്നു.)*

**3) വാർഡ് തല ജനകീയ ഹരിത ഓഡിറ്റ് വിവരശേഖരണം**

വാർഡ് തല ശുചിത്വ ആരോഗ്യ സമിതിയുടെ നേതൃത്വത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ വാർഡ് തല റിപ്പോർട്ട് തയ്യാറാക്കുക. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വാർഡ് ശുചിത്വാരോഗ്യ സമിതിക്ക് ആവശ്യമെങ്കിൽ സന്നദ്ധ സേവകരുടെ പ്രവർത്തനം പ്രയോജനപ്പെടുത്താവുന്നതാണ്.

**4) ഗ്രാമസഭ/ വാർഡ് തല ജനകീയ ഓഡിറ്റ് പ്രക്രിയ**

- ഗ്രാമസഭ/വാർഡ് സഭകളിൽ ശുചിത്വാരോഗ്യ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ അവതരണവും തുടർന്ന് പ്രതിനിധികൾ നടത്തുന്ന ജനകീയ വിലയിരുത്തലും.

- അവതരിപ്പിച്ച റിപ്പോർട്ടിന്മേൽ ഗ്രാമസഭ/വാർഡ് കൺവെൻഷനിലെ പങ്കാളികൾ ലഭ്യമായ വസ്തുതകളുടെയും, അവരുടെ ദൈനംദിന അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായ വിലയിരുത്തൽ നടത്തുക.

- ഗ്രാമസഭ/വാർഡ് കൺവെൻഷൻ പ്രതിനിധികളുടെ വിലയിരുത്തൽ കൃത്യമായി രേഖപ്പെടുത്തി പ്രസ്തുത വിവരങ്ങൾക്ക് വാർഡ് ശുചിത്വാരോഗ്യ സമിതിയുടെ വിശദീകരണം ഉൾപ്പെടുത്തി റിപ്പോർട്ട് ക്രോഡീകരിച്ച് അന്തിമമാക്കുക.

- ഈ ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തല നിലവിലെ ജനകീയ ഓഡിറ്റ് കമ്മിറ്റി പ്രതിനിധികൾ പങ്കെടുക്കേണ്ടതും ചർച്ച നിരീക്ഷിക്കേണ്ടതും, വിവരങ്ങൾ രേഖപ്പെടുത്തിയെടുക്കേണ്ടതുമാണ്. ഒരു കാരണവശാലും ഇവർ ചർച്ചയിൽ ഇടപെടരുത്.

**5) തദ്ദേശ സ്ഥാപനതല ജനകീയ ഓഡിറ്റ് റിപ്പോർട്ട്**

ഓരോ വാർഡിന്റെയും റിപ്പോർട്ട് ഗ്രാമസഭ/വാർഡ് കൺവെൻഷൻ എന്നിവിടങ്ങളിൽ ക്രോഡീകരിച്ച് ലഭിച്ചതിന് ശേഷം തദ്ദേശസ്ഥാപന തല ഓഡിറ്റ് കമ്മിറ്റിയുടെ നിരീക്ഷണങ്ങൾ കൂടെ ഉൾപ്പെടുത്തി വാർഡ് തല റിപ്പോർട്ടുകൾ തദ്ദേശ സ്ഥാപനതല റിപ്പോർട്ടായി ക്രോഡീകരിച്ച് തയ്യാറാക്കേണ്ടതാണ്.

6) ജനകീയ ഓഡിറ്റ് റിപ്പോർട്ട് ഘടന

- ജൈവമാലിന്യ സംസ്കരണം

| | ആകെ എണ്ണം | ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉള്ളവരുടെ എണ്ണം | ഹരിതകർമ്മ സേനക്ക് നൽകുന്നവരുടെ ആകെ എണ്ണം | മറ്റു ഏജൻസികൾക്ക് നൽകുന്നവരുടെ എണ്ണം | കമ്മ്യൂണിറ്റി സംവിധാനങ്ങൾ ഉപയോഗിക്കു ന്നവരുടെ എണ്ണം |
|---|---|---|---|---|---|
| വീട് | | | | | |
| സ്ഥാപനങ്ങൾ | | | | | |

*ജൈവമാലിന്യസംസ്കരണത്തിന്റെ പൊതുവിലയിരുത്തൽ (ആകെ ഉണ്ടാകുന്ന ജൈവമാലിന്യത്തിന്റെ അളവ്, അവയിൽ സംസ്കരിക്കപ്പെടുന്നവയുടെ അളവ്, പൊതുസംവിധാനങ്ങളുടെ പ്രവർത്തനമികവ്)

- അജൈവമാലിന്യ സംസ്കരണം

| | ആകെ എണ്ണം | ഹരിതകർമ്മ സേനക്ക് നൽകുന്നവരുടെ ആകെ എണ്ണം | മറ്റു ഏജൻസികൾക്ക് നൽകുന്നവരുടെ എണ്ണം |
|---|---|---|---|
| വീട് | | | |
| സ്ഥാപനങ്ങൾ | | | |

*അജൈവമാലിന്യസംസ്കരണത്തിനായുള്ള മാലിന്യശേഖരണത്തിൽ പൊതുവിലയിരുത്തൽ (മാലിന്യശേഖരണത്തിലെ സമയനിഷ്ഠ, MCF,RRF പ്രവർത്തനമികവ് )

- യൂസർ ഫീ കളക്ഷൻ

| | ആകെ എണ്ണം | യൂസർ ഫീയിൽ നിന്നും ഒഴിവാക്കിയ വീടുകളുടെ എണ്ണം | യൂസർ ഫീയിൽ നിന്നും ഒഴിവാക്കിയ സ്ഥാപനങ്ങളുടെ എണ്ണം | യൂസർ ഫീ നൽകാത്ത വീടുകളുടെ എണ്ണം | യൂസർ ഫീ നൽകാത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| വീടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| സ്ഥാപനങ്ങൾ | | | | | |

- യൂസർഫീ നൽകാത്തവരുടെ ലിസ്റ്റ് ഗ്രാമസഭയിൽ ആവശ്യപ്പെട്ടുകയാണെങ്കിൽ നല്കാൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

  - കമ്മ്യൂണിറ്റി/പൊതു സംവിധാനങ്ങളുടെ പ്രവർത്തനം

| | അജൈവമാലിന്യം | | | ജൈവമാലിന്യം |
|---|---|---|---|---|
| | മിനി MCF | MCF | RRF | കമ്മ്യൂണിറ്റി സംവിധാനങ്ങൾ-ജൈവം |
| അവിടെ എത്തുന്ന മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്യപ്പെട്ടുന്നുണ്ടോ (അതെ/അല്ല) | | | | |
| ലഭ്യമായ സ്ഥലം ഫലപ്രദമായി പ്രയോജനപ്പെട്ടുത്തി അപകടരഹിതമായ രീതിയിൽ ആണോ പ്രവർത്തിക്കുന്നത് (അതെ/അല്ല) | | | | |
| സംവിധാനങ്ങളുടെ പരിസരം വൃത്തിയായി ആണോ സൂക്ഷികുന്നത് (അതെ/അല്ല) | | | | |

*പൊതുവിലയിരുത്തൽ

  - മാലിന്യ കൂനകളുടെ കണ്ടെത്തലും നീക്കം ചെയ്യലും

| വാർഡിലെ ആകെ മാലിന്യകൂനകൾ | ഇവിടേക്ക് മാലിന്യങ്ങൾ എവിടെനിന്നും വരുന്നു | എന്തുകൊണ്ട് ഇത് മാറ്റുവാൻ സാധിക്കുന്നില്ല | സ്വീകരിക്കേണ്ട നടപടി |
|---|---|---|---|
| | | | |
| | | | |
| | | | |

ഇവകൂടാതെ ചർച്ചക്കായി കൊണ്ടുവരേണ്ട പ്രധാന വിഷയങ്ങൾ ചുവടെ നൽകുന്നു

- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകളുടെ വാർഡ് തല നിർവഹണ പുരോഗതി

- വാർഡിലെ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്തു ശുചീകരിച്ചോ? ഇവിടേക്ക് വീണ്ടും മാലിന്യങ്ങൾ വലിച്ചെറിയുന്നുണ്ടോ? ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണം

-വാർഡിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടോ? അവ പ്രവർത്തനക്ഷമമാണോ?

-വാർഡിലെ എല്ലാ വിഭാഗത്തിലെയും സ്ഥാപനങ്ങൾ/ബൾക്ക് വേസ്റ്റ്ജനറേറ്റേഴ്സ് എന്നിവർ മാലിന്യം സംസ്കരിക്കുന്നതിനോ, ശാസ്ത്രീയമായി കൈമാറ്റം ചെയ്യുന്നതിനോ ഉള്ള സംവിധാനങ്ങൾ ഉറപ്പാക്കിയിട്ടുണ്ടോ?

- വാർഡിലെ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമലംഘനങ്ങൾക്കെതിരെ കൃത്യമായ നിയമനടപടികൾ എടുക്കുന്നുണ്ടോ? 7)**ജനകീയ ഓഡിറ്റിനായുള്ള ഗ്രാമസഭ/വാർഡ് കൺവെൻഷൻ എന്നിവയ്ക്കുള്ള മാർഗനിർദേശങ്ങൾ - നവംബർ 15 — 30**

- ഗ്രാമസഭ/വാർഡ് കൺവെൻഷൻ

2023 നവംബർ 15 മുതൽ 30 വരെയുള്ള തിയ്യതികളിൽ ഏതെങ്കിലും ഒരു തിയതിയിൽ രാവിലെയോ അല്ലെങ്കിൽ ഉച്ചക്ക് ശേഷമോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് സ്വീകാര്യമായ സമയത്ത് അർദ്ധ ദിന പരിപാടി ആയിട്ടാണ് ആസൂത്രണം ചെയ്യേണ്ടത്.

**8) തയ്യാറെടുപ്പുകൾ എന്തൊക്കെ**

- ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ പങ്കെടുപ്പിക്കേണ്ട പ്രതിനിധികൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുക.
- ഗ്രാമസഭ/വാർഡ് കൺവെൻഷനിലേക്ക് തദ്ദേശസ്ഥാപനങ്ങൾ നിലവിലെ ജനകീയ ഓഡിറ്റ് ടീമിൽ നിന്നും പ്രതിനിധിയെ മുൻകൂട്ടി നിശ്ചയിച്ച് ചുമതലപ്പെടുത്തേണ്ടതാണ് .
- ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ അവതരിപ്പിക്കേണ്ട പ്രവർത്തന പുരോഗതി അവലോകന റിപ്പോർട്ട് തയ്യാറാക്കുക.
- ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഉറപ്പാക്കുക
- ഗ്രാമസഭ/വാർഡ് കൺവെൻഷൻ സംബന്ധിച്ച് വിപുലമായ പ്രചാരണം നവമാധ്യമങ്ങൾ

വഴിയും അല്ലാതെയും നൽകുക.

- ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ പങ്കെടുപ്പിക്കേണ്ട ഹരിതകർമ്മ സേന അംഗങ്ങൾക്ക് അറിയിപ്പ് നൽകണം..
- റിപ്പോർട്ട് തയ്യാറാക്കുന്നതിന് തദ്ദേശ സ്ഥാപനത്തല ജനകീയ ഓഡിറ്റിംഗ് ടീമിന്റെ സഹായം വാർഡ് ശുചിത്വാരോഗ്യ സമിതിക്ക് ലഭ്യമാക്കുക.
- മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പൊതുസ്ഥിതി സംബന്ധിച്ച ഹ്രസ്വമായ റിപ്പോർട്ട് വാർഡ് ശുചിത്വാരോഗ്യസമിതി നൽകണം.

**9) ഗ്രാമസഭ/വാർഡ് സഭയിലേക്ക് ക്ഷണിക്കേണ്ടവർ**

വാർഡ് പരിധിയിലെ പൊതു പ്രവർത്തകർ, റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, യുവജന സംഘടനാ അംഗങ്ങൾ, ലൈബ്രറി സംഘടന അംഗങ്ങൾ, ശാസ്ത്ര- സാംസ്കാരിക സംഘടനാ അംഗങ്ങൾ, തൊഴിലാളി - സർവ്വീസ് സംഘടനാ അംഗങ്ങൾ , കുടുംബശ്രീ-അയൽക്കൂട്ട അംഗങ്ങൾ, സി.ഡി.എസ് - എ.ഡി. എസ് അംഗങ്ങൾ, വ്യാപാരി വ്യവസായി സംഘടനാ അംഗങ്ങൾ , NSS യൂണിറ്റ് ചുമതലയുള്ള അധ്യാപകർ, NSS വിദ്യാർത്ഥി അംഗങ്ങൾ , ഘടക സ്ഥാപന പ്ര അംഗങ്ങൾ, വനിതാ സംഘടനാ അംഗങ്ങൾ, പെൻഷനേഴ്സ് യൂണിയൻ അംഗങ്ങൾ, സീനിയർ സിറ്റിസൺ സംഘടനാ അംഗങ്ങൾ തുടങ്ങി എല്ലാ വിഭാഗത്തിന്റേയും പങ്കാളിത്തം മുൻകൂട്ടി നിശ്ചയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഓരോ ഗ്രാമസഭയിലും കുറഞ്ഞത് 150-200 പേരുടെ പങ്കാളിത്തമെങ്കിലും ഉറപ്പാക്കാൻ കഴിയണം. മുനിസിപ്പൽ/ കോർപ്പറേഷൻ വാർഡ് കൺവെൻഷനുകളിൽ കുറഞ്ഞത് 200-300 പേരുടെ പങ്കാളിത്തമെങ്കിലും ഉറപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിന് സഹായക സ്ഥലമായിരിക്കണം ഇതിലേക്ക് തിരഞ്ഞെടുക്കേണ്ടത്.

- **ഗ്രാമസഭ/വാർഡ്**

ഗ്രാമസഭ/വാർഡ് സഭ കൺവെൻഷനിലേക്ക് തദ്ദേശസ്ഥാപനത്തലത്തിൽ നിന്നും നിരീക്ഷണസംഘത്തെ നിയോഗിക്കേണ്ടതാണ്. NSS വോളന്റിയേഴ്സ്, ലൈബ്രറി / വായനശാല പ്രവർത്തകർ, ടീം കേരള അംഗങ്ങൾ, സന്നദ്ധ സംഘടന പ്രവർത്തകർ തുടങ്ങി വ്യത്യസ്ത മേഖലകളിൽ നിന്നും മാലിന്യസംസ്കരണ മേഖലയിൽ താല്പര്യമുള്ള വ്യക്തികളെ നിരീക്ഷികരായി നിയോഗിക്കാം.

- **ഗ്രാമസഭ/വാർഡ്സഭ കാര്യപരിപാടി**

കുറഞ്ഞത് 3 മണിക്കൂർ എങ്കിലും ഉള്ള കാര്യപരിപാടിയായിട്ടായിരിക്കണം ഗ്രാമസഭ/വാർഡ് കൺവെൻഷനിൽ നടത്തേണ്ടത്. ഗ്രാമസഭ/വാർഡ് കൺവെൻഷൻ പ്രധാനമായും ഊന്നൽ നൽകേണ്ടത് പ്രവർത്തന അവലോകന റിപ്പോർട്ടുമായി ബന്ധപെട്ട ചർച്ചക്ക് ആയിരിക്കണം. വാർഡു സഭയിൽ പങ്കെടുക്കുന്ന പരമാവധി പ്രതിനിധികൾക്കും ഇതുമായി ബന്ധപെട്ട പ്രതികരണങ്ങൾ രേഖപെടുത്താൻ ഉള്ള അവസരം നൽകേണ്ടതാണ്. പ്രസ്തുത വാർഡിലെ ചുമതലയുള്ള ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കാനുള്ള അവസരം നൽകണം. ഈ

പ്രതികരണങ്ങൾ വാർഡ് തല കമ്മറ്റി രേഖപെടുതെണ്ടതും റിപ്പോർട്ടിലെക്കായി ക്രൂട്ടിചെർക്കേണ്ടതും ആണ്.

**10) സോഷ്യൽ ഓഡിറ്റ് പൊതുപരിപാടി**

സൂചന (1) ഉത്തരവ് പ്രകാരമുള്ള ജനകീയ ഓഡിറ്റ് സമിതി വിളിച്ച ചേർത്ത റിപ്പോർട്ട് ക്രോഡീകരിക്കുക, അന്തിമാമാക്കുക. തുടർന്ന സൂചന (1) ലെ ഉത്തരവിലെ 5.8.2 പ്രകാരം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്ത് അംഗീകരിക്കുകയും, തദ്ദേശ സ്ഥാപനത്തിന് കൈമാറുകയും ചെയ്യുക.

- **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ**

- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടത്തിയ കുറവുകൾ പരിഹരിക്കുന്നതിനായി ആവശ്യമായ നടപടി ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

- ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിലവിലെ പ്രോജെകറ്റ്കളുടെ സമയബന്ധിതമായ നിർവഹണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ കുറവുകൾ പരിഹരിക്കുന്നതിനും മാലിന്യസംസ്കരണ സംവിധാനത്തെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനും ആവശ്യമായ പ്രോജെക്ടുകൾ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ , കില
മിഷൻ ഡയറക്ടർ, അമൃത്
ഡയറക്ടർ സോഷ്യൽ ഓഡിറ്റ്,വികാസ് ഭവൻ, തിരുവനന്തപുരം
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ (I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 13-11-2023 12:22:17
സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്